## കെ. മുഹമ്മദലി



**ആലത്തൂരിലെ** ആദ്യകാല ഇസ്‌ലാമിക പ്രവര്‍ത്തകരില്‍ ഒരാളും, ദീര്‍ഘകാലമായി ഇശാഅത്തുല്‍ ഇസ്‌ലാം ചാരിറ്റബ്ള്‍ സൊസൈറ്റിയുടെ ചെയര്‍മാനുമായിരുന്നു കെ. മുഹമ്മദലി എന്ന അലി അണ്ണന്‍. കച്ചവടവും കൃഷിയുമായിരുന്നു ജീവിതവൃത്തി. വിപുലമായ വ്യക്തി ബന്ധങ്ങള്‍ ഊട്ടിയുറപ്പിക്കാനുള്ള ശ്രമങ്ങളും തര്‍ക്ക പരിഹാരശ്രമങ്ങളും ജീവിതാന്ത്യംവരെ അദ്ദേഹം നിലനിര്‍ത്തി. നാട്ടില്‍ ഒരു കാരണവരുടെ സ്ഥാനമായിരുന്നു അദ്ദേഹത്തിന്. കൂടുതല്‍ പഠിക്കാനുള്ള അവസരം ലഭിക്കാതിരുന്നിട്ടുകൂടി ഖുര്‍ആനിലെ മിക്ക സൂറകളും മനഃപാഠമാക്കിയിരുന്നു. ഭാര്യ ആഇശ. മക്കള്‍: അബ്ദുല്‍ ജബ്ബാര്‍, അബ്ദുല്‍ മജീദ്, ഹുസൈന്‍, സക്കരിയ്യ, സറഫുന്നിസ, ജാസ്മിന്‍. എല്ലാവരും പ്രസ്ഥാനപ്രവര്‍ത്തകരോ സഹകാരികളോ ആണ്.

**എം.എച്ച് റഫീഖ് ആലത്തൂര്‍**

## ആര്‍. അബ്ദുര്‍റഹ്മാന്‍കുട്ടി മാസ്റ്റര്‍



**കോഴിക്കോട്** ഫ്രാന്‍സിസ് റോഡില്‍ കുഞ്ഞോയി വൈദ്യരുടെ പീടികമുകളില്‍ ഹാജിസാഹിബ് നടത്തിയ ക്ലാസുകളിലൂടെയും പട്ടാള പള്ളിയില്‍ അദ്ദേഹം നടത്തിയിരുന്ന ഖുതുബകളിലൂടെയും ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടരായവരില്‍ ഒരാളാണ് 2009 ഏപ്രില്‍ 30-ന് അന്തരിച്ച മൂഴിക്കല്‍ പ്രാദേശിക ജമാഅത്തിലെ അംഗം ആര്‍. അബ്ദുര്‍റഹ്മാന്‍കുട്ടി മാസ്റ്റര്‍(86). അദ്ദേഹവും പരേതനായ കെ.പി അബ്ദുസ്സലാം മാസ്റ്ററുമാണ് (പ്രഫ. കെ.പി കമാലുദ്ദീന്റെ പിതാവ്) 1950-കളില്‍ ഇസ്‌ലാമിക പ്രസ്ഥാനത്തെ മൂഴിക്കല്‍, ചെറുവറ്റ, കോവൂര്‍ ഭാഗങ്ങളില്‍ പ്രചരിപ്പിച്ച പ്രധാനികള്‍. പ്രസ്ഥാനവുമായി നന്നെ ചെറുപ്പത്തിലേ ബന്ധപ്പെട്ടതിനാല്‍ യാഥാസ്ഥിതികരില്‍നിന്ന് കടുത്ത എതിര്‍പ്പുകളാണ് നേരിട്ടത്. സ്വന്തം സഹോദരങ്ങളില്‍നിന്ന് വരെ ബഹിഷ്‌കരണവും പള്ളിവിലക്കും. ആദ്യകാലത്ത് നമ്മണ്ടയില്‍ സുബ്ഹിക്കു ശേഷം നടക്കുന്ന യോഗത്തിലേക്കു പുലര്‍ച്ചെ 3 മണിക്കുതന്നെ മാസ്റ്റര്‍ ചെറുവറ്റയില്‍നിന്ന് നടത്തം ആരംഭിച്ചിരുന്നു. മൂഴിക്കലില്‍ പലിശരഹിതനിധി ഉള്‍പ്പെടെയുള്ള സംരംഭങ്ങള്‍ക്കു അദ്ദേഹം തുടക്കമിട്ടു.

1960-ല്‍ മൂഴിക്കലില്‍ ജമാഅത്ത് സംസ്ഥാന സമ്മേളനം നടക്കുമ്പോള്‍ പ്രാദേശിക ഹല്‍ഖയുടെ ഓഫീസാണ് സ്വാഗതസംഘം ഓഫീസായി ഉപയോഗിച്ചത്. ഈ സമയം മാസ്റ്റര്‍ ലീവെടുത്ത് മാസങ്ങളോളം രാപകല്‍ ഓഫീസിലും സമ്മേളന നഗരിയിലും ഓടിനടന്നു. 1980-കളില്‍ ഇബാദുര്‍റഹ്മാന്‍ ചാരിറ്റബ്ള്‍ ട്രസ്റ്റ് മൂഴിക്കലില്‍ രൂപംകൊള്ളുമ്പോഴും മുന്‍നിരയില്‍ മാസ്റ്റര്‍ ഉണ്ടായിരുന്നു. ജ.ഇ മെഡിക്കല്‍ കോളേജ് ഏരിയ ജി.ഐ.ഒ കോ-ഓര്‍ഡിനേറ്റര്‍ ആര്‍. അബ്ദുല്‍ അസീസ് മാസ്റ്റര്‍ ഉള്‍പ്പെടെ 8 മക്കളുണ്ട്.

**മലോല്‍ അബൂബക്കര്‍, മൂഴിക്കല്‍**

## മാടാല അബ്ദുഹാജി



**ഏലംകുളം** ഗ്രാമപഞ്ചായത്തിലെ കുന്നക്കാവില്‍ ഇസ്‌ലാമിക പ്രസ്ഥാനത്തിന് വിത്തുപാകിയവരിലൊരാളാണ് മെയ് 1-ന് അന്തരിച്ച മാടാല അബ്ദുഹാജി.

കൂട്ടിലങ്ങാടിക്കാരന്‍ മുഹമ്മദ് എന്ന മൗലവി മാഷ് വഴിയാണ് അദ്ദേഹം ജമാഅത്തെ ഇസ്‌ലാമിയെ പരിചയപ്പെടുന്നത്. വളരെ പിന്നാക്ക പ്രദേശമായിരുന്ന കുന്നക്കാവില്‍ ഒരു പ്രാഥമിക മദ്‌റസയും സ്വന്തം സ്ഥലത്ത് ഒരു ചെറിയ നമസ്‌കാരപ്പള്ളിയും നാട്ടുകാരുടെ സഹകരണത്തോടെ അദ്ദേഹം നിര്‍മിച്ചു.

കുന്നക്കാവിലെ നവോത്ഥാന സംരംഭങ്ങള്‍ക്ക് തുടക്കമിട്ടത് അബ്ദുഹാജിയാണ്.

കുന്നക്കാവ് ജ.ഇ ഹല്‍ഖാ നാസിമായി വളരെകാലം സേവനമനുഷ്ഠിച്ചു. ഹിമായത്തുല്‍ ഇസ്‌ലാം പള്ളി-മദ്‌റസാ ഭരണനിര്‍വഹണ സമിതിയുടെ ചെയര്‍മാനായിരുന്നു. രാമന്‍ചാടി ലിഫ്റ്റ് ഇറിഗേഷന്‍ പദ്ധതി, കുന്നക്കാവ് പലിശരഹിത ഫണ്ട് തുടങ്ങിയ രംഗങ്ങളിലും കര്‍മകുശലതയോടെ പ്രവര്‍ത്തിച്ചു.

ഭാര്യമാര്‍: ഹൈദറലി ശാന്തപുരത്തിന്റെ സഹോദരി സഫിയ്യ, പരേതയായ ഉമയ്യ. മക്കള്‍: എം. മുഹമ്മദലി (യു.എ.ഇ), അബ്ദുന്നാസര്‍, അബ്ദുല്‍മാലിക്, ഷാജഹാന്‍ ഖുറൈശി, ഹാജറ, ഉമ്മുല്‍ ഫദ്‌ല, ലൈല, പരേതരായ ഫാതിമാബി, ഹഫ്‌സ.

**ഉസ്സന്‍കുട്ടി പാലത്തോള്‍**

---

*അല്ലാഹു പരേതരെ മഗ്ഫിറത്തും മര്‍ഹമത്തും നല്‍കി അനുഗ്രഹിക്കുമാറാകട്ടെ - ആമീന്‍*